**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2343** **03-03-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ പൊതു സർവ്വീസിലെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ഒഴിച്ചുള്ള മറ്റ് ഓഫീസുകളിൽ നിന്നും വിരമിക്കുന്ന എം.സി.എസ്. ജീവനക്കാർക്ക് എന്തുകൊണ്ട് പെൻഷൻ യഥാസമയം ലഭിക്കുന്നില്ലെന്ന് അറിയിക്കാമോ; | (എ) | തദ്ദേശസ്വയംഭരണ ഏകീകരണത്തിലൂടെ മറ്റ് ഓഫീസുകളിലേക്ക് സ്ഥലംമാറ്റം ലഭിച്ച മുനിസിപ്പൽ കോമൺ സർവീസ് ജീവനക്കാരുടെ പെൻഷൻ പേപ്പറുകൾ സ്റ്റേറ്റ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാക്കാത്തതിനാലാണ് ടി ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് കാലതാമസമുണ്ടായത്. എന്നാൽ 07.01.2025 ലെ ഇ.യു3/314/2023/തസ്വഭവ നമ്പർ പ്രകാരം ടി ജീവനക്കാരുടെ പെൻഷൻ പേപ്പറുകൾ പരിശോധിച്ച് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ ഈ പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുണ്ട്. ലഭ്യമായ അപേക്ഷകളിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | ഏകീകൃത ശമ്പള വിതരണ സംവിധാനം ഒരുക്കാത്തത് മൂലം പൊതു സർവീസ് രൂപീകരണത്തിന് ശേഷവും ഒരേ അഡ്വൈസിൽ ഉൾപ്പെട്ട് വിവിധ ഓഫീസുകളിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ആദ്യം നിയമിക്കപ്പെടുന്ന ഓഫീസിൽ നിലവിലുള്ളതായ പി.എഫ് അഡ്മിഷൻ രീതി തുടരുന്നത് വിവേചനപരമായതിനാൽ ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | ഏകീകൃത ശമ്പള വിതരണ സംവിധാനം ഒരുക്കുന്നത് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ് |
| (സി) | സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നും നഗരസഭകൾക്ക് നൽകാനുള്ള ഏകദേശം 800 കോടി രൂപ നൽകാത്തതിനാൽ പഴയ മുനിസിപ്പൽ കോമൺ സർവ്വീസിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷനും പെൻഷൻ പരിഷ്കരണവുമുൾപ്പെടെയുള്ള ആനുകൂല്യങ്ങളും | (സി) | സെൻട്രൽ പെൻഷൻ ഫണ്ടിലെ തുക പരിമിതമായതിനാൽ നഗരസഭാ സ്ഥാപനങ്ങൾ മുനിസിപ്പൽ കോമൺ സർവീസ് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാൻ നഗരസഭകൾക്ക് ലഭ്യമായ ജനറൽ പർപ്പസ് ഗ്രാന്റ്/ തനതുഫണ്ടുകൾ വിനിയോഗിച്ച് വരുന്നു. അപ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ വിതരണം |

| | | | |
|---|---|---|---|
| | ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക എന്നേക്ക് നൽകുമെന്ന് അറിയിക്കുമോ; | | ചെയ്യുവാൻ നഗരസഭാ സ്ഥാപനങ്ങൾക്ക് തനതു ഫണ്ടിൽ നിന്നും ചെലവായ 485 കോടി രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തിരികെ നൽകാനുണ്ട്.<br><br>സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ഇതിലേയ്ക്ക് ആവശ്യമായ അധിക ഫണ്ട് അനുവദിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ നഗരസഭയ്ക്ക് നൽകുന്ന ജനറൽ പർപ്പസ് ഗ്രാന്റ് തുകയിൽ നിന്നും വിനിയോഗിക്കുന്നതിന് 04.03.2016 ലെ സ.ഉ (കൈ) 49/2016/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട് |
| (ഡി) | വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചെങ്കിലും ഒരു തസ്തികയിലും പൊതു സീനിയോറിറ്റി ലിസ്റ്റ് മുഖേന പ്രമോഷൻ നൽകാത്തതിനാൽ മറ്റ് വകുപ്പുകളിലെ ജീവനക്കാർക്ക് വേഗം പ്രമോഷൻ ലഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു മൂലം ഓരോ തസ്തികയിലും സർവീസ് സീനിയോറിറ്റിയും അനുഭവ പരിചയവും ഉണ്ടെങ്കിലും പ്രമോഷൻ ലഭിക്കുന്ന മറ്റ് വകുപ്പുകളിലെ സർവീസ് ജൂനിയർ ആയ ഉദ്യോഗസ്ഥന് കീഴിൽ എം.സി.എസ്. ജീവനക്കാർക്ക് ജോലി ചെയ്യേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>27.10.2022 ലെ സ.ഉ (പി) നം.74/2022/തസ്വഭവ, സ.ഉ (പി) നം.75/2022/തസ്വഭവ ഉത്തരവുകൾ പ്രകാരം യഥാക്രമം തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും വിശേഷാൽ ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. വിശേഷാൽ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് സർവ്വീസിൽ പ്രവേശിച്ച ഓരോ ജീവനക്കാരനും സർവ്വീസിൽ നിന്നും പിരിയുന്നതുവരെ പഴയ വകുപ്പുകളിലുള്ള സീനിയോറിറ്റി നിലനിർത്തി പഴയ വകുപ്പിൽ അർഹതപ്പെട്ട എല്ലാ പ്രമോഷനുകൾക്കും അർഹതയുണ്ടായിരിക്കുമെന്ന് Rule 12 Special provision sub rule (1), (2) പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. |
| (ഇ) | പൊതു സർവീസിൽ ഉൾപ്പെട്ട മറ്റ് വകുപ്പുകളിലെ ജീവനക്കാരുടെ പ്രമോഷനുകൾ, സ്ഥലം മാറ്റം മുതലായവ ആദ്യം തന്നെ കാലതാമസം കൂടാതെ നടപ്പാക്കുകയും എം.സി.എസ്. ജീവനക്കാരുടെ വൈകിപ്പിക്കുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കാരണത്താൽ പഞ്ചായത്തുകളിൽ ഹെഡ് ക്ലാർക്ക്/ റവന്യൂ ഇൻസ്പെക്ടർ/ അക്കൗണ്ടന്റ് തസ്തികയിൽ നിയമിതരാകുന്ന എം.സി.എസ്. ജീവനക്കാർ സ്റ്റേഷൻ ജൂനിയർ ആകുന്നത് മൂലം പരിശീലനം പോലും ലഭിക്കാതെ അക്കൗണ്ടന്റായി തുടരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജീവനക്കാർക്ക് പുതിയ തസ്തികയിലേക്ക് സ്ഥാനകയറ്റം ലഭിക്കുമ്പോൾ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ പരിശീലനം നൽകുന്നതിൽ വകുപ്പുകൾക്കിടയിൽ വിവേചനം നിലനിൽക്കുന്നത് | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ മുൻവകുപ്പികളിലെയും ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം ഓൺലൈൻ സമ്പ്രദായത്തിലൂടെ പൊതു മാനദണ്ഡങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി അതതു കാലത്തെ സർക്കാർ ഉത്തരവുകൾക്കു വിധേയമായാണ് നിർവഹിച്ചുപോരുന്നത്. സ്ഥാനക്കയറ്റത്തിലൂടെയും പൊതു സ്ഥലംമാറ്റത്തിലൂടെയും ഹെഡ് ക്ലാർക്ക്/ റവന്യൂ ഇൻസ്പെക്ടർ/ അക്കൗണ്ടന്റ് തസ്തികയിൽ നിയമിതരാകുന്ന ജീവനക്കാർക്ക് KILAയുടെ ആഭിമുഖ്യത്തിൽ സമയബന്ധിതമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | പരിഹരിക്കുമോ; ഇത് സംബന്ധിച്ച നയം വ്യക്തമാക്കാമോ; | | |
| (എഫ്) | നിലവിൽ തിരുവനന്തപുരം, കൊച്ചി, കണ്ണൂർ, തൃശ്ശൂർ എന്നീ ജില്ലകളിൽ ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറിയുടെ ഒഴിവുകൾ നികത്തുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; ഈ ഒഴിവുകൾ എന്നത്തേയ്ക്ക് നികത്തുമെന്ന് അറിയിക്കാമോ? | (എഫ്) | മുനിസിപ്പൽ കോമൺ സർവ്വീസ് സ്പെഷ്യൽ റൂൾGO (MS) No.222/2001/LSGD, തീയതി 12.09.2021 പ്രകാരം സ്പെഷ്യൽ റൂളിലെ 1, 2, 3 തസ്തികകൾ (Deputy Secretary, Revenue Officer Gr-1/ Personal Assistant to Secretary/Secretary to Council/ Accounts Officer, Revenue Officer Gr-II) സെലക്ഷൻ പോസ്റ്റ് ആണെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ മുനിസിപ്പൽ കോമൺ സർവ്വീസിലെ തസ്തികകൾ സർക്കാർ ഡിപ്പാർട്ട്മെന്റൽ തസ്തികകളായി പരിഗണിക്കാതിരുന്നതിനാൽ നാളിതുവരെ ടി തസ്തികകളിലേക്ക് നടത്തിയിട്ടുള്ള പ്രൊമോഷനുകൾ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും അർബൻ ഡയറക്ടർ നേരിട്ട് നടത്തിയിട്ടുള്ളത് പി.എസ്.സി. മുഖേന ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി അല്ല നടത്തിയിരുന്നത്. 15.03.2024 ലെ സ.ഉ (സാധാ) നം.608/2024/ തസ്വഭവ ഉത്തരവ് പ്രകാരം മേൽ സൂചിപ്പിച്ചിട്ടുള്ള തസ്തികകളിൽ ഡെപ്യൂട്ടി സെക്രട്ടറി (ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി) തസ്തിക ഒഴികെയുള്ള തസ്തികകൾക്ക് 2023 മുതൽ 3 വർഷത്തേക്ക് ഡി.പി.സി. യിൽ ഇളവ് അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു. ഡെപ്യൂട്ടി സെക്രട്ടറി (ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി) തസ്തികകൾക്കും ടി ഉത്തരവ് ബാധകമാക്കി ഡി.പി.സി.യിൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിലേക്ക് 04.02.2025 തീയതിയിൽ പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ലഭ്യമാക്കിയിട്ടുണ്ട്. മേൽ ശുപാർശയിന്മേൽ തീരുമാനമാകുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ